ഇതു കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി.യുടെ കായംകുളത്തെ രാജീവ് ഗാന്ധി കമ്പയിൻഡ് പവ്വർ പ്ലാന്റിന്റെ 1950 മെഗാവാട്ട് വിപുലീകരണ പദ്ധതിയും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഒൻപതാം പദ്ധതിക്കാലത്ത് കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ പത്താം പദ്ധതിക്കാലത്ത് ആക്സിലറേറ്റഡ് പവ്വർ ഡവലപ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ആകെ 11527.5 ലക്ഷം രൂപ ഗ്രാന്റായും അത്രയും തന്നെ തുക ലോൺ ആയും ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ നേര്യമംഗലം പദ്ധതിക്ക് 2002-03-ൽ ഇൻഡോ-സ്വിസ് ജോയിന്റ് ക്രഡിറ്റ് പ്രകാരം 179.05 ലക്ഷം രൂപ ഗ്രാന്റായും പ്രധാൻമന്ത്രി ഗ്രാമീൺ യോജന (പി.എം.ജി.വൈ.) പ്രകാരം 2002-03-ൽ ഗ്രാന്റായി 178.35 ലക്ഷം രൂപയും ലോൺ ആയി 416.15 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമെ 2002-03 സാമ്പത്തിക വർഷം റവന്യൂ കമ്മി കുറച്ചതിന് എ.പി.ഡി.ആർ.പി.-യിൽ നിന്നും 6494 ലക്ഷം രൂപ ഇൻസെന്റീവ് ആയി അനുവദിച്ചിട്ടുണ്ട്.

(ഡി) സ്ഥാപിതശേഷിയിൽ 84.60 മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് കൂടാതെ 24 മില്ല്യൺ യൂണിറ്റിന്റെ വഴിക്കടവ് ഡൈവേർഷൻ പദ്ധതിയും പൂർത്തിയായിട്ടുണ്ട്.

വൈദ്യുത പദ്ധതികൾ

23 [334] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കാൻ തീരുമാനിച്ച വൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

24 [335] *ശ്രീ. പി. എസ്. സുപാൽ:*

„ *പി. നാരായണൻ:*

„ *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(എ) വൈദ്യുതി നൽകിയ വകയിൽ ബോർഡിന് 2005 ഫെബ്രുവരി വരെ എത്ര തുക പിരിഞ്ഞ് കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ; ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഈ തുക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും മുൻ ഗവൺമെന്റിന്റെ കാലത്തും കുടിശ്ശികക്കാർക്ക് എന്തെങ്കിലും ഇളവുകൾ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗങ്ങളിലെ കുടിശ്ശികക്കാർക്കാണ് ഇളവുകൾ നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വൻ കുടിശ്ശികക്കാർക്കെതിരെ തക്കസമയത്ത് നടപടികൾ സ്വീകരിക്കാതെ ഗാർഹിക ഉപഭോക്താക്കൾക്കെതിരെ മാത്രം നടപടികൾ സ്വീകരിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 31-3-2005 വരെ ആകെ 1345.03 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഇനം തിരിച്ചുള്ള പട്ടിക അനുബന്ധം ആയി† ചേർത്തിരിക്കുന്നു.

(ബി) വൈദ്യുതി ചാർജ്ജ് നിശ്ചിത തീയതിയ്ക്കകം അടച്ചില്ലെങ്കിൽ സർവ്വീസ് കണക്ഷൻ ഡിസ്കണക്ട് ചെയ്യുകയും 6 മാസം വരെ കുടിശ്ശിക അടയ്ക്കാതിരുന്നാൽ സർവ്വീസ് കണക്ഷൻ ഡിസ്മാന്റിൽ ചെയ്യുകയും ചെയ്യുന്നുണ്ട്. അതിനുശേഷം റവന്യൂ റിക്കവറി മുഖാന്തിരം കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) വൈദ്യുതി കുടിശ്ശിക ഒറ്റത്തവണയായി 12% പലിശ ഇളവോടുകൂടി അടയ്ക്കുന്നതിനും 6 തവണകളായി 18% പലിശയോടുകൂടി അടയ്ക്കുന്നതിനും വൈദ്യുതി ഉപഭോക്താക്കൾക്ക് അവസരം നൽകിയിട്ടുണ്ട്. വൈദ്യുതി അദാലത്തുകൾ വഴി പല വിഭാഗത്തിലുള്ള കുടിശ്ശികകൾ മേൽ സൂചിപ്പിച്ച പ്രകാരം ഇളവ് ചെയ്ത് തീർപ്പാക്കിയിട്ടുണ്ട്. ഇത് എല്ലാ വിഭാഗക്കാർക്കും ബാധകമാണ്.

(ഡി) ഇല്ല.

വൈദ്യുതി അപകടങ്ങളിൽപ്പെട്ടുള്ള മരണം

25 [336] *ശ്രീ. ബിനോയ് വിശ്വം :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് വൈദ്യുതി സംബന്ധമായ തൊഴിലുകൾ ചെയ്യവേ എത്ര ബോർഡ് ജീവനക്കാർ വൈദ്യുതി അപകടങ്ങളിൽപ്പെട്ട് മരണമടഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly